

# സഭ പ്രേഷിത സമൂഹം

10

സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി.

# പാഠം 12

# പ്രേഷിതത്വം
# പൗരോഹിത്യ ജീവിതത്തിലൂടെ



പിതാവിനാൽ  അയയ്ക്കപ്പെട്ട ഈശോ തൻെറ പ്രേഷിത ദൗത്യം പൂർത്തിയാക്കിയതു സ്വന്തം ജീവിതബലിയിലൂടെയാണ്.

കുരിശിലെ ബലിയിലൂടെ പിതാവിൻെറ സ്നേഹം അവിടുന്നു പ്രഘോഷിച്ചു.  ഈശോയുടെ ഏറ്റവും വലിയ സുവിശേഷപ്രഘോഷണം കുരിശിലെ ബലിയർപ്പണമായിരുന്നു. സ്വന്തം ജീവൻ ബലിയായർപ്പിക്കുക എന്നതാണു പൗരോഹിത്യ ജീവിതത്തിൻ്റെ  പരമോന്നതമായ പ്രേഷിതപ്രവർത്തനം.

# Holy Orders

കാലത്തിന്റെ പൂർണ്ണതയിൽ തന്നെപ്പോലെ തന്നെ ബലിയർപ്പിച്ചുകൊണ്ടു പാപത്തെ നശിപ്പിക്കാൻ ഇപ്പോഴിതാ അവൻ ഒരിക്കൽ മാത്രം പ്രത്യക്ഷപ്പെട്ടിരിക്കുന്നു (ഹെബ്രായർ 9:26). പിതാവിനാൽ അയയ്ക്കപ്പെട്ട ഈശോ തന്റെ പ്രേഷിത ദൗത്യം പൂർത്തിയാക്കിയതു സ്വന്തം ജീവിതബലിയിലൂടെയാണ്. സ്വന്തം ജീവിതം ബലിയർപ്പിക്കുകയെന്നതാണു പൗരോഹിത്യ ജീവിതത്തിലെ പരമോന്നതമായ പ്രേഷിത പ്രവർത്തനം. “നിങ്ങൾ എന്നെ തെരഞ്ഞെടുക്കുകയല്ല, ഞാൻ നിങ്ങളെ തെരഞ്ഞെടുക്കുകയാണ് ചെയ്തത്” (യോഹ. 15:16).



വചനപ്രഘോഷണം, ബലിയർപ്പണം, അജ
പാലനം എന്നിവയിലൂടെയാണ് പുരോഹി
തൻ ഈ കടമ നിർവ്വഹിക്കുന്നത്.

# പൗരോഹിത്യത്തിന്റെ സ്ഥാനവും ധർമ്മങ്ങളും

ശുശ്രൂഷാപൗരോഹിത്യത്തിന്റെ പൂർണ്ണത ശ്ലീഹന്മാരിലൂടെ മെത്രാന്മാർക്കാണ് ഈശോ നൽകിയിരിക്കുന്നത്. മെത്രാന്മാരുടെ സഹപ്രവർത്തകരായി വർത്തിക്കുന്നവരാണു വൈദികർ.

വചനം പ്രസംഗിക്കുവാനും, കൂദാശകൾ പരികർമ്മം ചെയ്യുവാനും, ദൈവജനത്തെ നയിക്കുവാനുമാണ് പുരോഹിതൻ വിളിക്കപ്പെട്ടിരിക്കുന്നത്..

മിശിഹായുടെ ശരീരമായ സഭയെ
പടുത്തുയർത്താൻ പഠിപ്പിക്കുക,
വിശുദ്ധീകരിക്കുക,നയിക്കുക.
എന്നിവയാണു വൈദികന്റെ ദൗത്യം

സഭയുടെ ശിരസ്സും ഇടയനുമായ മിശിഹായുടെ പ്രതിനിധിയായി പുരോഹിതൻ നിലകൊള്ളുന്നു. ഈശോയോടൊത്തു വസിച്ചുകൊണ്ടു വചനം പ്രഘോഷിക്കാനും കൂദാശകൾ പരികർമ്മം ചെയ്യുവാനും ദൈവജനത്തെ നയിക്കുവാനും അവർ വിളിക്കപ്പെട്ടിരിക്കുന്നു.

പഠിപ്പിക്കുക, വിശുദ്ധീകരിക്കുക, നയിക്കുക എന്നീ മിശിഹായുടെ ത്രിവിധ ദൗത്യങ്ങളിൽ അവർ പങ്കുചേർക്കപ്പെടുന്നു.

# പ്രബോധനശുശ്രൂഷയിലൂടെ

പൗരോഹിത്യ ശുശ്രൂഷയിൽ
പ്രാധാന്യമർഹിക്കുന്ന ദൗത്യമാണു സുവി
ശേഷപ്രഘോഷണം.

**ദൈവജനത്തെ വിശ്വാസം പഠിപ്പിക്കുന്ന
അദ്ധ്യാപകരും പ്രസംഗകരുമാണ്
പുരോഹിതർ.**

# പ്രബോധന ശുശ്രൂഷയിലൂടെ

പൗരോഹിത്യ ശുശ്രൂഷയിൽ അതീവ പ്രാധാന്യമർഹിക്കുന്ന ദൗത്യമാണു സുവിശേഷ പ്രഘോഷണം. ഉത്ഥാനശേഷം ഈശോ ശിഷ്യരെ ഭരമേൽപിച്ച ദൗത്യം സുവിശേഷ പ്രഘോഷണത്തിലൂടെ അവിടുത്തെ അറിയിക്കുകയും സഭയെ രൂപപ്പെടുത്തുകയും ചെയ്യുക എന്നതാണ്.

# വിശുദ്ധീകരണ ശുശ്രൂഷയിലൂടെ

പഴയനിയമ പുരോഹിതരെപ്പോലെ വെറും അനുഷ്ഠാനപരമായ ശുശ്രൂഷകൾ നിറവേറ്റുന്നവരല്ല പുതിയനിയമ പുരോഹിതർ. കൂദാശകളുടെ പരികർമ്മം വഴിയും ദൈവവചനപ്രഘോഷണത്തിലൂടെയും അവർ വിശുദ്ധീകരണശുശ്രൂഷ നിർവഹിക്കുന്നു.

# വിശുദ്ധീകരണ ശുശ്രൂഷയിലൂടെ

പുരോഹിതൻ തങ്ങളുടെ പൗരോഹിത്യ ശുശ്രൂഷവഴി വിശ്വാസികളുടെ ആദ്ധ്യാത്മിക ബലികൾ ഏകമദ്ധ്യസ്ഥനായ മിശിഹായുടെ ബലിയോടുചേർത്തു പരമപിതാവായ ദൈവത്തിന് അർപ്പിക്കുന്നു. പുരോഹിതരുടെ കരങ്ങൾ വഴിയായും സഭ മുഴുവന്റേയും നാമത്തിനും അർപ്പിക്കപ്പെടുന്ന രക്തരഹിതവും കൗദാശികവുമായ ബലി മിശിഹായുടെ രണ്ടാമത്തെ ആഗമനം വരെ തുടരുക എന്നതാണു പൗരോഹിത്യ ശുശ്രൂഷയുടെ ലക്ഷ്യം.

# അജപാലന ശുശ്രൂഷയിലൂടെ


ദൈവജനത്തെ അറിയുന്ന ഇടയനാണു
പുരോഹിതൻ.

ഈശോയെപ്പോലെ അജഗണത്തെ അറിയണം,
പരിഗണിക്കണം. അവർക്കായി അദ്ധ്വാനിക്കണം,
ക്രൈസ്തവകൂട്ടായ്മയിലേക്ക് അജഗണത്തെ
ആനയിക്കണം.

ക്രൈസ്തവ കൂട്ടായ്മയിലേക്കു മറ്റുള്ള വരെ ആനയിക്കുന്ന അജപാലകരാണു പുരോഹി തർ. വ്യക്തിപരമായ സ്നേഹത്തിലൂടെ ദൈവജ നത്തെ അവർ വിശ്വാസത്തിൽ ഒന്നിപ്പിച്ചു നിർത്ത ണം. വഴിതെറ്റുന്നവരെ അന്വേഷിച്ചു കണ്ടെത്തി തിരിച്ചുകൊണ്ടുവരുവാനും അജഗണത്തിന്റെ വളർച്ചയും ഉയർച്ചയും ലക്ഷ്യമാക്കി പ്രവർത്തി ക്കുവാനും അവർക്കു കടമയുണ്ട്.

# പൗരോഹിത്യ ശുശ്രൂഷയുടെ വിവിധ മാനങ്ങൾ താഴെ പറയുന്നവയാണ്.

1. ദൈവവചനം ആധികാരികമായി പ്രസംഗിക്കുക.
2. ദൈവജനത്തെ ഒന്നിച്ചുകൂട്ടുക; ഐക്യത്തിൽ നിലനിർത്തുക
3. അവരെ കൂദാശകളാൽ പരിപോഷിപ്പിക്കുക.
4. രക്ഷയുടെ മാർഗ്ഗത്തിൽ അവരെ ഉറപ്പിക്കുക.
5. ദൈവജനത്തിന്റെ വിവിധ ദൗത്യങ്ങൾ നിറവേറ്റുന്നതിൽ അവരെ പ്രോത്സാഹിപ്പിക്കുക.
6. ഓരോരുത്തരുടേയും ദൈവവിളിക്കനുസൃതം ജീവിക്കുന്ന തിന് അവരെ സഹായിക്കുക.


He was born in an obscure
village...

# സ്വന്തമാക്കേണ്ട ബോധ്യങ്ങൾ

* ഈശോയെപ്പോലെ സ്വന്തം ജീവിതം ബലിയായി
അർപ്പിക്കുക എന്നതാണു പൗരോഹിത്യ ജീവിത
ത്തിലെ പരമോന്നതമായ പ്രേഷിതപ്രവർത്തനം.

* ശുശ്രൂഷാപൗരോഹിത്യത്തിന്റെ പൂർണത
ശ്ലീഹന്മാരിലൂടെ മെത്രാന്മാർക്കാണ്
ഈശോ നൽകിയിരിക്കുന്നത്. മെത്രാന്മാരുടെ
സഹപ്രവർത്തകരായി വർത്തിക്കുന്നവരാണു വൈദികർ.



* പൗരോഹിത്യശുശ്രൂഷയിലെ അതിപ്രാധാന്യമർഹിക്കുന്ന ശുശ്രൂഷയാണു വചന പ്രഘോഷണം.

* കൂദാശകളുടെ പരികർമ്മം വഴിയും ദൈവവചന പ്രഘോഷണത്തിലൂടെയും പുരോഹിതർ തങ്ങളുടെ വിശുദ്ധീകരണകർമം തുടരുന്നു.

* ക്രൈസ്തവകൂട്ടായ്മയിലേയ്ക്കു മറ്റുള്ളവരെ ആനയിക്കുന്ന അജപാലകരാണു പുരോഹിതർ



# സ്വന്തമാക്കേണ്ട മനോഭാവങ്ങൾ

* വൈദികരോടു താല്പര്യവും സ്നേഹവും.

* വൈദികരെ അവരുടെ ശുശ്രൂഷകളിൽ സഹാ
യിക്കാനുള്ള താല്പര്യം.



# സ്വന്തമാക്കേണ്ട ശീലങ്ങൾ

* വൈദികരോട് അടുപ്പവും സ്നേഹവും പുലർത്തുന്നു.

* വൈദികർക്കുവേണ്ടി പ്രാർത്ഥിക്കുന്നു.

